**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 124** **19-01-2021 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീയുടെ ശക്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ്,<br>ശ്രീ . ജോൺ ഫെർണാണ്ടസ് ,<br>ശ്രീമതി വീണാ ജോർജ്ജ് ,<br>ശ്രീ. പി.വി.അൻവർ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലനില്പിനായി നിരന്തരപോരാട്ടത്തിൽ ഏർപ്പെടേണ്ടിവന്ന കുടുംബശ്രീ പ്രസ്ഥാനത്തിന്റെ സംഘടനാശേഷിയിൽ ഈ സർക്കാരിന് മുന്നേറ്റം സൃഷ്ടിക്കാനായിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രളയാനന്തരവും കോവിഡ് കാലത്തും ദുരന്തനിവാരണ പ്രവർത്തനങ്ങളിലും സമ്പദ്ഘടനയുടെ പുനരുജ്ജീവനത്തിനും പ്രധാന പങ്കുവഹിക്കുന്ന ഏജൻസിയായി മാറാൻ കുടുംബശ്രീക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | കോവിഡ് കാലത്തും, പ്രളയ കാലത്തും അഭിമാനകരവും പ്രശംസനീയമായ ഇടപെടലാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടത്തിയത്. പ്രളയ കാലത്ത് കുടുംബശ്രീ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:- 11.18 കോടി രൂപ അയൽക്കൂട്ടാംഗങ്ങൾ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകി. ഒന്നാം പ്രളയ കാലത്ത് 40,000 ത്തോളം കുടുംബങ്ങൾക്ക് താല്കാലിക വാസ സൗകര്യം കുടുംബശ്രീ അംഗങ്ങളുടെ വീടുകളിൽ ഒരുക്കി. 1.99 ലക്ഷം വീടുകളും 12,132 റോഡുകളും പൊതു ഇടങ്ങളും വൃത്തിയാക്കി ടേക് ഹോം കിറ്റ് പായ്ക്കിംഗിലെ അയൽക്കൂട്ടാംഗങ്ങളുടെ സന്നദ്ധ സേവനം സമൂഹ അടുക്കളയുടെ നടത്തിപ്പ് - 35,000 ലധികം ഭക്ഷണ പാക്കറ്റുകൾ വിതരണം ചെയ്തു 39,444 പേർക്ക് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലേഴ്സ് മുഖേന കൗൺസിലിങ് സേവനം നൽകി സർക്കാരിന്റെ നവകേരള ലോട്ടറി വിൽപ്പനയിലെ പങ്കാളിത്തം - 3,72,510 നവകേരള ലോട്ടറികൾ (9.31 കോടി രൂപ) കുടുംബശ്രീ സി.ഡി.എസ്. മുഖേന വില്പന നടത്തി. പ്രളയത്തിൽ ഗൃഹോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് കുറഞ്ഞ നിരക്കിൽ ഗൃഹോപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി. കോവിഡ് കാലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ കോവിഡ് മഹാമാരി കാലത്ത് കേരളത്തിൽ ആരും പട്ടിണി കിടക്കരുതെന്ന |

ലക്ഷ്യത്തോടെ സർക്കാർ ആവിഷ്ക്കരിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി ഭൂരിപക്ഷം സ്ഥലങ്ങളിലും ഏറ്റെടുത്ത് നടപ്പിലാക്കിയത് കുടുംബശ്രീ പ്രവർത്തകരാണ്. ലോക്ക് ഡൗൺ കാലത്ത് സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പ പദ്ധതി" നടപ്പിലാക്കി. 2.04 ലക്ഷം അയൽക്കൂട്ടങ്ങളിലെ 23.98 ലക്ഷം അംഗങ്ങൾക്ക് 1906 കോടി രൂപ വായ്പ ലഭ്യമാക്കി. ലോക് ഡൗൺ കാലത്ത് സർക്കാരുകളുടേയും ആരോഗ്യ വകുപ്പിന്റെയും സന്ദേശങ്ങൾ താഴെക്കിടയിൽ എത്തിക്കുന്നതിന് കുടുംബശ്രീ ത്രിതല സംഘടനാ നേതൃത്വത്തിൽ 22 ലക്ഷം അംഗങ്ങളെ ഉൾപ്പെടുത്തി 1 .9 ലക്ഷം വാട്ട്സ് ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചു. ലോക് ഡൗൺ കാലത്ത് സ്ത്രീകളുടെയും, കുട്ടികളുടെയും, വയോജനങ്ങളുടെയും മാനസിക-ആരോഗ്യം ശക്തിപ്പെടുന്നതിന് തുടർച്ചയായി ഐ.ഇ.സികൾ തയ്യാറാക്കി താഴെക്കിടയിലേയ്ക്ക് പ്രചരിപ്പിച്ചു. 'അതിജീവനം കേരളീയം' പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ മുഖേനയുള്ള വിവിധ പദ്ധതികളിലൂടെ 40,971 പേർക്ക് തൊഴിൽ ലഭ്യമാക്കി. 'വിശപ്പ് രഹിതം കേരളം' പദ്ധതിയിലൂടെ 20/- രൂപയ്ക്ക് ഉച്ച ഭക്ഷണം നൽകുന്ന 856 ജനകീയ ഹോട്ടലുകൾ ആരംഭിച്ചു. കോവിഡ്-19 രോഗപ്രതിരോധ പ്രവർത്തന ങ്ങളുടെ ഭാഗമായി വയോജനങ്ങൾ കൂടുതൽ ജാഗ്രത പാലിക്കണമെന്ന സന്ദേശം എത്തിക്കുന്നതിനും വയോജനങ്ങളുടെ കരുതലിനുമായി കുടുംബശ്രീയും ആരോഗ്യ വകുപ്പും സംയോജിപ്പിച്ച് ഗ്രാന്റ് കെയർ (റിവേഴ്സ് ക്വാറന്റൈൻ) പദ്ധതി നടപ്പിലാക്കി. കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൂർണമായി ലോക് ഡൗൺ പ്രഖ്യാപിച്ചപ്പോൾ സമൂഹത്തിലെ ദുർബല ജനവിഭാഗത്തിന് ഭക്ഷണം ലഭ്യമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും കുടുംബശ്രീയും സംയുക്തമായി 1103 കമ്മ്യൂണിറ്റി കിച്ചനുകൾ ആരംഭിച്ചു. ഹോം ക്വാറന്റൈനിൽ കഴിയുന്ന ഒറ്റപ്പെട്ടവർക്ക് ഭക്ഷണം, മരുന്ന് മറ്റ് ആവശ്യ വസ്തുക്കൾ എന്നിവ കുടുംബശ്രീ മുഖാന്തിരം എത്തിക്കുകയും കുടുംബശ്രീ റിസോഴ്സ് പേഴ്സൺമാർ വഴി ഹോം ക്വോറൈന്റീനിൽ കഴിയുന്നവർക്ക് ഫോൺ മുഖാന്തിരം കൗൺസിലിംഗ് നൽകുകയും ചെയ്തു. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത ഹെൽപ്പ് ഡെസ്കിലെ ജീവനക്കാരും കമ്മ്യൂണിറ്റി കൗൺസിലർമാരും വയോജന അയൽക്കൂട്ടാംഗങ്ങൾക്കും ഒറ്റപ്പെട്ട് താമസിക്കുന്നവർക്കും ഫോണിൽ വിളിച്ച് പ്രത്യേക കൗൺസിലിംഗ് സേവനം നൽകി. കോവിഡ്

| | | | |
|---|---|---|---|
| | | | പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ആയുർ മാസ്ക് ഉൾപ്പടെ 76,14,268 മാസ്കുകളും, 9332 ലിറ്റർ സാനിറ്റൈസറും നിർമ്മിച്ച് വിതരണം ചെയ്തു. കോവിഡ് പശ്ചാതലത്തിൽ വീടുകളും സ്ഥാപനങ്ങളും അണുവിമുക്തമാക്കുന്നതിനായി സംസ്ഥാനത്തുടനീളം 100 ഡിസ്-ഇൻഫക്ഷൻ ടീമുകൾ രൂപീകരിച്ചു. സുഭിക്ഷ കേരളം പദ്ധതിയോടനുബന്ധിച്ച സംസ്ഥാനത്തൊട്ടാകെ കുടുംബശ്രീയുടെ കീഴിൽ പുതിയ 339 കാർഷിക സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു. സുഭിഷ കേരളം പദ്ധതിയുടെ ഭാഗമായി 6498 കുടുംബശ്രീ അംഗങ്ങൾ മത്സ്യ കൃഷി ചെയ്യാൻ താത്പര്യപൂർവ്വം മുന്നോട്ടു വന്നിട്ടുണ്ട് കോവിഡ് കാലത്ത് ഓൺലൈൻ വിദ്യാഭ്യാസം സുഗമമാക്കാനായി വിദ്യാർത്ഥികൾക്ക് കുടുംബശ്രീയും കെ.എസ്.എഫ്.ഇയുമായുമായി സഹകരിച്ച് ലാപ്ടോപ്പ് ലഭ്യമാക്കുന്ന പദ്ധതിയാണ് വിദ്യാശ്രീ. |
| (സി) | ദാരിദ്ര്യനിർമ്മാർജ്ജന, സ്ത്രീശക്തീകരണ പ്രവർത്തനങ്ങളുടെ സുപ്രധാന കണ്ണിയായി കുടുംബശ്രീയെ വളർത്തിയെടുക്കുന്നതിന് സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ? | (സി) | കേരളത്തിന്റെ ദാരിദ്ര്യ നിർമ്മാർജ്ജന സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളുടെ സുപ്രധാന കണ്ണിയായി കുടുംബശ്രീയെ വളർത്തിയെടുക്കുന്നതിന് കഴിഞ്ഞ 4 1/2 വർഷംകൊണ്ട് സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:- 2017-ൽ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തിന്റെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി പൂർത്തീകരിച്ചു. 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ബജറ്റിൽ നിന്ന് കുടുംബശ്രീക്ക് 75 കോടി രൂപ ലഭിച്ച സ്ഥാനത്ത് 2020-21 സാമ്പത്തിക വർഷത്തിൽ പ്രത്യേക ഉപജീവന പദ്ധതിയടക്കം 250 കോടി രൂപയായി വർദ്ധിപ്പിച്ചു. 2021 ബജറ്റിൽ പ്രസ്തുത തുക 260 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 7 ജില്ലകളിൽ മാത്രമായിരുന്ന സ്നേഹിത കൗൺസിലിംഗ് സെന്റർ 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. ചരിത്രത്തിൽ ആദ്യമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ കേരളത്തിലെ മുഴുവൻ സ്കൂളുകളിലേയും പാഠപുസ്തകങ്ങൾ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്ത് വിതരണം ചെയ്യാൻ സാധിച്ചു. ഇതുവഴി 312 കുടുംബശ്രീ അംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും സാധിച്ചു. ആദിവാസി മേഖലയായ അട്ടപ്പാടിയിലും വയനാട്ടിലും സാമൂഹ്യക്ഷേമ വകുപ്പിന്റേയും പട്ടിക വർഗ്ഗ വകുപ്പിന്റേയും സഹായത്തോടു കൂടി കുടുംബശ്രീയുടെ നേതൃത്വത്തിൽ കമ്മ്യൂണിറ്റി കിച്ചൻ നടത്താൻ സാധിച്ചു. അട്ടപ്പാടിയിലും വയനാട്ടിലും തൊഴിലുറപ്പ് ജോലി ചെയ്യുന്ന ആദിവാസി വിഭാഗങ്ങൾക്ക് പട്ടിക വർഗ്ഗ വകുപ്പിന്റെ സഹായത്തോടു കൂടി കുടുംബശ്രീ മുഖേന മുൻകൂർ വേതനം നൽകാൻ സാധിച്ചു. പ്രളയകാലത്ത് സർവ്വതും നഷ്ടപ്പെട്ട കുടുംബശ്രീ അംഗങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ആർ.കെ.എൽ.എസ് വായ്പ ലഭ്യമാക്കി. ഈ ഇനത്തിൽ 1,680 കോടി രൂപ 28,212 അയൽക്കൂട്ടങ്ങൾക്കായി നൽകാൻ സാധിച്ചു. ഇതു കൂടാതെ 261 കോടി രൂപ പലിശ സബ്സിഡി ഇനത്തിലും നൽകി. കോവിഡ് കാലത്ത് സർക്കാരിന്റെ താങ്ങായി 1908 കോടി രൂപയുടെ "മുഖ്യമന്ത്രിയുടെ സഹായ ഹസ്തം വായ്പാ പദ്ധതി" നടപ്പിലാക്കി. ഈ സർക്കാർ അധികാരം ഏൽക്കുമ്പോൾ സിഡിഎസ് ചെയർപേഴ്സൺമാരുടെ ഓണറേറിയം 4,000/- രൂപ ആയിരുന്നു. ആയത് നിലവിൽ 7,000/- രൂപയായി വർദ്ധിപ്പിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി 332 കമ്മ്യൂണിറ്റി കൗൺസിലർമാരുടെ സേവനം ലഭ്യമാക്കി. 27458 പുതിയ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങാൻ സാധിച്ചു. ഈ 4 1/2 വർഷം കൊണ്ട് 53501 അയൽക്കൂട്ടങ്ങൾക്ക് 12,623.86 കോടി രൂപ ബാങ്ക് വായ്പ ലഭ്യമാക്കി. പ്രസ്തുത വായ്പയിൽ പലിശ സബ്സിഡിയായി 186.37 കോടി രൂപ സർക്കാർ അനുവദിച്ചു. മാച്ചിംഗ് ഗ്രാന്റിനത്തിൽ അയൽക്കൂട്ടങ്ങൾക്ക് 21.58 കോടി രൂപ വിതരണം ചെയ്തു. 18,511 അയൽക്കൂട്ടങ്ങൾക്ക് 15,000/- രൂപ നിരക്കിൽ 27.76 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ വിതരണം ചെയ്തു. എഡിഎസ്സുകൾക്കുള്ള ദാരിദ്ര്യ നിർമ്മാർജ്ജന ഫണ്ടിനത്തിലായി 519 എഡിഎസ്സുകൾക്ക് ഒരു ലക്ഷം രൂപ വീതം ആകെ 5.19 കോടി രൂപ വിതരണം ചെയ്തു. കേരള ചിക്കൻ പദ്ധതി, പി.എം.എ.വൈ.(അർബൻ)-ലൈഫ്, ജനകീയ ഹോട്ടൽ, ഹരിതകർമ്മസേന മുഖേനയുള്ള ഗ്രീൻ എന്റർപ്രൈസസ്, കുടുംബശ്രീ സൂക്ഷ്മ സംരംഭകത്വം മുഖേന 50000 പേർക്ക് തൊഴിൽ അവസരം സൃഷ്ടിക്കൽ, വിദ്യാശ്രീ ലാപ് ടോപ്പ് പദ്ധതി എന്നിവ 100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുണ്ട്. കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ 24 ഔട്ട് ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 2021 മാർച്ചിന് മുമ്പ് 26 കേരള ചിക്കൻ ഔട്ട് ലെറ്റുകൾ കൂടി പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (ലീപ്) പദ്ധതിയുടെ ഭാഗമായി 40,917 പേർക്ക്തൊഴിൽ നൽകാൻ സാധിച്ചു. 18,511 അയൽക്കൂട്ടങ്ങൾക്ക് 15,000/- രൂപ നിരക്കിൽ 27.76 കോടി രൂപ റിവോൾവിംഗ് ഫണ്ടിനത്തിൽ വിതരണം ചെയ്തു. വിശപ്പുരഹിത കേരളത്തിന്റെ ഭാഗമായി 856 ജനകീയ ഹോട്ടലുകൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചു പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ